# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 760** — **30/06/2015-ൽ മറുപടിക്ക്**

## അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ ആരോഗ്യപ്രശ്നങ്ങൾ

| ചോദ്യം<br>**ശ്രീ.കെ.എൻ.എ.ഖാദർ** | | മറുപടി<br>**ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|---|
| എ) സംസ്ഥാനത്ത് പല അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത സാഹചര്യത്തിലാണ് തൊഴിലാളികൾ താമസിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>ബി) മോശം സാഹചര്യത്തിലുള്ള പ്രസ്തുത ക്യാമ്പുകളുടെ പ്രവർത്തനം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) | ഉണ്ട്. |
| സി) മാലിന്യസംസ്കരണത്തിന് സംവിധാന മില്ലാത്തതും കക്കൂസ് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും സാഹചര്യമില്ലാത്ത ക്യാമ്പുകളുടെ പ്രവർത്തനം മൂലം പൊതുജനങ്ങൾക്കും തൊഴിലാളികൾക്കു മുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | സി) | സേഫ് കേരള പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാനതൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉറപ്പാക്കുന്നതിന് പരിശോധനയും പൊതുജനാരോഗ്യ നിയമ പ്രകാരം നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനവ്യാപകമായി രണ്ട് പ്രാവശ്യം ഇത്തരം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചിരുന്നു. തൊഴിൽ, പോലീസ് എന്നീ വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണം ഈ കാര്യത്തിൽ ലഭിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**